## വെളിപ്പാടുപുസ്തക പഠനം -8

# യേശുക്രിസ്തു: വിശ്വസ്ത സാക്ഷിയും മരിച്ചവരിൽനിന്നുള്ള ആദ്യജാതനും

പാസ്റ്റർ സി.വി. ആൻഡ്രൂസ്

## പരിശുദ്ധാത്മാവ്

''അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴാത്മാക്കളുടെ പക്കൽനിന്നും'' (വെളിപ്പാട് 1:4)

'ഏഴ്' എന്നത് ആത്മാവിന്റെ പൂർണ്ണതയെ കാണിക്കുന്നു. 'ഏഴാത്മാക്കൾ' എന്ന പ്രയോഗം 3:1, 4:5, 5:6 ലും കാണാം. 'ഏഴാത്മാക്കൾ' എന്നത് പരിശുദ്ധാത്മാവാണ്. ഏഫേസ്യർ 4:4-6 ൽ ആത്മാവ് ഒന്നേയുള്ളൂ. ഏഴാത്മാക്കൾ എന്നത് ഏഴു സഭകളുടെ ആത്മാക്കൾ എന്നർത്ഥം. ഏഴു സഭകൾ എന്നു പറഞ്ഞാൽ ദൈവസഭയെ മൊത്തമായി കാണിക്കുന്നു. സഭ ഒന്നേയുള്ളൂ. അതുപോലെ ആത്മാവും ഒന്നേയുള്ളൂ. ഏഴാത്മാക്കൾ എന്നു പറഞ്ഞാൽ എല്ലാ സഭകളുടെയും ആത്മാവ്. ഏക പരിശുദ്ധാത്മാവിന്റെ ഏഴുവിധ പ്രവർത്തനരീതികളെക്കുറിച്ച് ഏഴാത്മാക്കൾ എന്ന പദപ്രയോഗം സൂചിപ്പിക്കുന്നു. ഏശയ്യാവ് 11:1-2 ഭാഗങ്ങൾ വായിക്കുക.

1. യഹോവയുടെ ആത്മാവ്,

2. ജ്ഞാനത്തിന്റെ ആത്മാവ്

3. വിവേകത്തിന്റെ ആത്മാവ്

4. ആലോചനയുടെ ആത്മാവ്

5. ബലത്തിന്റെ ആത്മാവ്

6. പരിജ്ഞാനത്തിന്റെ ആത്മാവ്

7. യഹോവാഭക്തിയുടെ ആത്മാവ്.

ഇതാണ് അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴാത്മാക്കൾ എന്നതുകൊൺട് അർത്ഥമാക്കുന്നത്.

ഒരേ സിംഹാസനത്തോടുള്ള ബന്ധത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു വ്യക്തിത്വങ്ങളെ വെളിപ്പാട് 1:4, 5 എന്നീ വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു. കൂടാതെ വെളിപ്പാട് 22:1 ൽ ''വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽനിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും അവൻ എന്നെ കാണിച്ചു''. ദൈവം (പിതാവ്), കുഞ്ഞാട് (പുത്രൻ), ജീവജലനദി (പരിശുദ്ധാത്മാവ്). ഇവിടെയെല്ലാം ദൈവം ത്രീയേകനെന്ന് വ്യക്തമാക്കുന്നു. ത്രീയേകത്വം ആർക്കും നിഷേധിക്കാൻ ഒക്കില്ല. 1:4, 5 ഈ വാക്യങ്ങളിലും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ദൈവത്തിന്റെ ത്രീത്വം വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. ഏഴ് പൂർണ്ണതയുടെ സംഖ്യയായി നാം മനസ്സിലാക്കി. ഇവിടെ പരിശുദ്ധാത്മാവിന്റെ വിഷയത്തിലും ഏഴ് കാണുന്നതിനാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പൂർണ്ണമായി ഇവിടെ കാണപ്പെടുന്നു. ഈ ഏഴ് ആത്മാക്കളെ സഖറിയാ പ്രവാചകൻ ഏഴ് കണ്ണായി അഥവാ ജ്വലിച്ചുകൊൺടിരിക്കുന്ന ഏഴു വിളക്കായി ഉദാഹരണപ്പെടുത്തി എഴുതിയിരിക്കുന്നു (സഖറിയ 3:9, 4:10).

## യേശുക്രിസ്തു (പുത്രൻ)

വിശ്വസ്ത സാക്ഷി, മരിച്ചവരുടെ ആദ്യജാതൻ, ഭൂരാജാക്കന്മാർക്ക് അധിപതി എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെക്കുറിച്ച് അത്രെ (വാക്യം 5).

### 1.വിശ്വസ്ത സാക്ഷി:

യേശു സത്യത്തിന്റെ സാക്ഷിയാകുന്നു. നേരിട്ട് അറിവു ലഭിച്ചവനാണ് സാക്ഷി. യോഹന്നാൻ 7:16ൽ ''എന്റെ ഉപദേശം എന്റേതല്ല, എന്നെ അയച്ചവന്റേതത്രെ''. യോഹന്നാൻ 18:37 ൽ ''സത്യത്തിന് സാക്ഷിനിൽക്കേൺടതിന് ഞാൻ ജനിച്ചു. അതിന്നായി ലോകത്തിൽ വന്നുമിരിക്കുന്നു''. നിയമപരമായി വിധിക്കപ്പെട്ട് രക്തം ചിന്തി സാക്ഷിയായിത്തീർന്ന യേശുവിനെയാണ് വിശ്വസ്തസാക്ഷി എന്ന് സംബോധന ചെയ്തിരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനുവേൺടി നീതിയുള്ള വിധി പിതാവ് പുത്രന്റെമേൽ ചുമത്തിയ മഹാരക്ഷാമാർഗ്ഗമാണിത്. ഈ വിധിയിന്മേൽ യേശു വിശ്വസ്തനായി ഏൽപ്പിച്ചുകൊടുത്തു.

വിശ്വസ്തസാക്ഷി എന്ന പേർ വാഗ്ദത്തങ്ങളിൽ അവൻ വിശ്വസ്തനാണെന്നും കാണിക്കുന്നു.

1. പാപം പോക്കാൻ വിശ്വസ്തൻ (1 യോഹ.1:9).

2. കഷ്ടതയിൽ സഹായിക്കാൻ വിശ്വസ്തൻ (1പത്രോ. 4:19).

3. പരീക്ഷയ്ക്ക് പോക്കുവഴിയുൺടാക്കാൻ വിശ്വസ്തൻ (1 കൊരി. 10:13).

4. വാഗ്ദത്തങ്ങളിൽ വിശ്വസ്തൻ (ഹെബ്രായ 10:23)

5. ഉറപ്പിച്ചു കാക്കുവാൻ വിശ്വസ്തൻ (2.തെസ. 3:3)

6. അനിന്ദ്യമായി അക്കരയെത്തിപ്പാൻ വിശ്വസ്തൻ (1.തെസ. 5:23–24).

## 2. മരിച്ചവരിൽ ആദ്യജാതൻ:

മരിച്ചവരിൽ ആദ്യജാതൻ എന്ന പേർ സൂചിപ്പിക്കുന്നത് അവിടുന്നാണ് മരണത്തെ പൂർണ്ണമായി ആദ്യമായി ജയിച്ചവൻ എന്നും കല്ലറയിൽനിന്നും സ്ഥിരമായി പുറത്തുവന്നവൻ എന്നുമാണ്. കർത്താവിനു മുമ്പേ മരണത്തിൽനിന്ന് ഉയിർക്കപ്പെട്ടവരെല്ലാം വീണ്ടും മരിച്ചു. യേശു മാത്രമാണ് സ്ഥിരമായി മരണത്തെ ജയിച്ചത്. ആദ്യജാതൻ എന്ന നാമം ജനിച്ചവൻ എന്ന അർത്ഥത്തിലല്ല, മരിച്ചവരുടെ ഇടയിൽനിന്നും സ്വർഗ്ഗീയ ശരീരത്തിൽ ആദ്യമായി ഉയിർത്തെഴുന്നേറ്റവൻ എന്ന അർത്ഥത്തിലാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ''ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം എന്ന് താൻ അരുളിച്ചെയ്യുന്നു'' (ഹെബ്രായർ 1:6). പിന്നെയും എന്ന വാക്ക് ആദ്യം ഭൂമിയിൽ വന്നവൻ എന്ന് ഓർമിപ്പിക്കുന്നു. അന്ന് തന്റെ ഉയിർത്തെഴുന്നേപ്പുമൂലം ആദ്യജാതൻ എന്ന പേർ യേശുക്രിസ്തുവിനു ലഭിച്ചു. ''സകലത്തിലും താൻ മുമ്പനാകേൺടതിന് അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്ന് ആദ്യനായി എഴുന്നേറ്റവനുമാകുന്നു'' (കൊലൈ.1:18). 1 കൊരിന്ത് 15:20 ൽ ''എന്നാൽ ക്രിസ്തു, നിദ്രകൊൺടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു'' എന്നും റോമ 8:11 ൽ ''ക്രിസ്തുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൻ'' എന്നും വായിക്കുന്നു.